**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 60** — **04.02.2013 -ൽ മറുപടിയ്ക്ക്**

## ബുധനാഴ്ചകളിൽ കൈത്തറി വസ്ത്രം ധരിക്കാത്ത സർക്കാർ ജീവനക്കാർക്കെതിരെയുള്ള നടപടി

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി** | | **ശ്രീ. ഉമ്മൻചാണ്ടി** <br> **( മുഖ്യ മന്ത്രി)** |
| (എ) ബുധനാഴ്ചകളിൽ ജീവനക്കാർ കൈത്തറി വസ്ത്രം ധരിക്കണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര ശതമാനം ജീവനക്കാർ കൈത്തറി വസ്ത്രം ധരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; <br><br> (ബി) പ്രസ്തുത ദിവസം കൈത്തറി വസ്ത്രം ധരിക്കാത്ത ജീവനക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; <br><br> (സി) ഇത്തരത്തിൽ ആരുടെയെങ്കിലും പേരിൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ? | (എ), (ബി) & (സി) | പരമ്പരാഗത മേഖലയായ ഖാദി/ കൈത്തറി മേഖലയെ സംരക്ഷിക്കുവാൻ ഖാദി/ കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ വാരാന്ത്യങ്ങളിലും സർക്കാർ ജീവനക്കാർ കഴിവതും ഖാദി/കൈത്തറി വസ്ത്രങ്ങൾ ധരിയ്ക്കണമെന്ന് സർക്കാർ അഭ്യർത്ഥന പുറപ്പെടുവിച്ചിരുന്നു. ഇത് കൃത്യമായി പാലിയ്ക്കപ്പെടുന്നില്ല എന്ന ജനപ്രതിനിധികളുടെ അഭിപ്രായം മാനിച്ചാണ് എല്ലാ സർക്കാർ ജീവനക്കാരും അധ്യാപകരും പൊതുമേഖല/ സഹകരണ മേഖലയിലെ ജീവനക്കാരും 2013 പുതുവത്സരാരംഭം മുതൽ ആഴ്ചയിലൊരിക്കൽ, ബുധനാഴ്ച ദിവസം, ഖാദി/കൈത്തറി വസ്ത്രം ധരിയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര ശതമാനം ജീവനക്കാർ കൈത്തറി വസ്ത്രം ധരിയ്ക്കുന്നു എന്ന് കണക്കെടുക്കുന്നത് പ്രായോഗികമല്ല. പ്രസ്തുത ഉത്തരവ് സർക്കാർ ഉദ്യോഗസ്ഥരോടുള്ള അഭ്യർത്ഥനയായതിനാൽ ബുധനാഴ്ച ഖാദി/കൈത്തറി വസ്ത്രം ധരിക്കാത്ത ജീവനക്കാർക്കെതിരെ നടപടികളെടുക്കാൻ സാധ്യമല്ല. മേൽ സാഹചര്യത്തിൽ ഇത്തരത്തിൽ ആരുടെ പേരിലും നടപടികൾ കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ